**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശൂർ നഗരസഭ - വൈദ്യുത വിഭാഗം - സീനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - ഇളവ് ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================
==

**തദ്ദേശ സ്വയംഭരണ (ഇ യൂ) വകുപ്പ്**

സ.ഉ.(സാധാ) നം. 709/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 12.03.2015

=====================================================================
===

പരാമർശം:- 1) നഗരകാര്യ ഡയറക്ടറുടെ 27.03.2014 തീയതിയിലെ ഇ4-18199/2004 നമ്പർ കത്ത്.
2) നഗരകാര്യ ഡയറക്ടറുടെ 26.05.2014 തീയതിയിലെ ഇ4-18199/04 നമ്പർ കത്ത്.

**ഉത്തരവ്**

തൃശൂർ നഗരസഭാ വൈദ്യുത വിഭാഗത്തിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലാത്ത 45 വയസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലേതിന് സമാനമായ രീതിയിൽ അടുത്ത് തസ്തികയിലേയ്ക്ക് പ്രൊമോഷന് അർഹതയുള്ളതിനാൽ ആയത് അനുവദിക്കണമെന്ന തൃശൂർ നഗരസഭാ വൈദ്യുത വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയുടെ അപേക്ഷ സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ സർവ്വീസിലും മുനിസിപ്പൽ കോമൺ സർവ്വീസിലും ടെസ്റ്റ് യോഗ്യത നേടാത്ത 50 വയസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് മാത്രമാണ്

ഉദ്യോഗക്കയറ്റത്തിന് ഇളവ് ബാധകമാക്കിയിട്ടുള്ളത് എന്നതിനാൽ തൃശൂർ നഗരസഭാ വൈദ്യുത വിഭാഗത്തിലും 50 വയസ് പൂർത്തിയായ ജീവനക്കാർക്ക് മാത്രം ഉദ്യോഗക്കയറ്റത്തിനുള്ള ഇളവ് ബാധകമാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നഗരകാര്യ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് സർക്കാർ സർവ്വീസിലും മുനിസിപ്പൽ കോമൺ സർവ്വീസിലും ടെസ്റ്റ് യോഗ്യത നേടാത്ത 50 വയസ് പൂർത്തിയായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് നൽകിയിട്ടുള്ള ഇളവ് തൃശൂർ നഗരസഭാ വൈദ്യുത വിഭാഗത്തിലും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

**ഫിന്നി സക്കറിയ,**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തൃശൂർ നഗരസഭ.
അസിസ്റ്റന്റ് സെക്രട്ടറി, തൃശൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**